പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 136 16.03.2015- ൽ മറുപടിക്ക്

## വയോമിത്രം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ശശി<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീ. ഇ.കെ. വിജയൻ<br>ശ്രീമതി.ഇ.എസ്. ബിജിമോൾ | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വയോമിത്രം പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചതെന്നാണ്; പ്രസ്തുത പദ്ധതി പൂർണ്ണതോതിൽ നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (എ) | 2.09.2011 ലെ സ.ഉ.(എം.എസ്) നം. 44/2011/സാക്ഷേവ എന്ന ഉത്തരവ് പ്രകാരമാണ് പദ്ധതി നടപ്പാക്കിതുടങ്ങിയത്. എൻ.ആർ.എച്ച്.എം, മുനിസിപ്പാലിറ്റികൾ എന്നിവരിൽ നിന്നും ഉദ്ദേശിച്ച രീതിയിലുള്ള സഹായം ലഭിക്കാത്തതിനാലാണ് ഈ പദ്ധതി പൂർണ്ണമായ തോതിൽ നടപ്പിലാക്കാൻ കഴിയാതിരുന്നത്. |
| (ബി) | വയോമിത്രം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ എല്ലാ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റികളിലും 65 വയസ്സിന് മുകളിൽ പ്രായമുള്ള മുതിർന്ന പൗരന്മാർക്ക് ആരോഗ്യ പരിരക്ഷ നൽകുന്നതിനും ദൈനംദിന ജീവിതം സുഗമമാക്കുന്നതിനും ലക്ഷ്യമിട്ട് രൂപപ്പെടുത്തിയ വയോമിത്രം പദ്ധതിയിൽ മൊബൈൽ ക്ലിനിക്ക്, ഹെൽപ്പ് ഡെസ്ക്, ആംബുലൻസ് സൗകര്യം, കൗൺസലിംഗ് തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ പാലിയേറ്റീവ് സേവനം എന്നിവനൽകിവരുന്നു. |
| (സി) | പ്രസ്തുത പദ്ധതി പൂർണ്ണമായി നടപ്പാക്കുന്നതിന് ഇനി എത്ര കാലം വേണ്ടിവരുമെന്ന് വെളിപ്പെടുത്തുമോ? | (സി) | 6.05.2013 ലെ സ.ഉ (സാ.ധാ) 1209/13 ത.സ്വ.ഭ.വ നമ്പർ ഉത്തരവ് അനുസരിച്ചുള്ള സംഭാവന എല്ലാ വർഷവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാമൂഹ്യ സുരക്ഷ മിഷന് നൽകുവാൻ തയ്യാറാകുന്ന മുറക്ക് ഈ പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ